## എം. കൃഷ്ണൻ നായർ



# സാഹിത്യവാരഫലം

**ചി**ന്തയുടെ ആവിഷ്കാരത്തിലായാലും ലൗകികത്വത്തോടു ബന്ധപ്പെട്ട പ്രവർത്തനത്തിലായാലും അന്യരുടെ അംഗീകാരം വേണം നമുക്ക്. അതിനാലാണ് എന്റെ ലേഖനം എങ്ങനെയിരിക്കുന്നു? എന്റെ പ്രഭാഷണം നന്നായോ? എന്റെ കഥ നന്നോ? എന്നൊക്കെ നമ്മൾ മററുള്ളവരോടു ചോദിക്കുന്നത്. വിറകുകൊള്ളിയിൽ അഗ്നികണം വീണ് അതു ആളിക്കത്തുന്നതുപോലെയാണത്. തീപ്പൊരിയുടെ അസ്തിത്വം സഫലമാകുന്നത് ഉണങ്ങിയ വിറകിനെ തീ പിടിപ്പിക്കുമ്പോഴാണ്. ചിന്തയും പ്രവൃത്തിയും സർഗാത്മകത്വവും അന്യൻ അംഗീകരിക്കുമ്പോൾ മാത്രമേ പ്രയോക്താവിന് സന്തോഷമുണ്ടാകൂ. കാളിദാസന്റെ 'രഘുവംശം' ആരും വായിച്ചില്ലെങ്കിൽ അദ്ദേഹത്തിന് അസ്തിത്വമുണ്ടോ? ദെറീദയുടെ അസാധാരണങ്ങളായ ചിന്തകൾ കുറച്ചുപേരെങ്കിലും മനസ്സിലാക്കിയില്ലെങ്കിൽ അദ്ദേഹത്തിനു ജീവിതമുണ്ടോ? ബഹുജനമാണ് ചിന്തകരെയും സാഹിത്യകാരന്മാരെയും നിലനിറുത്തുന്നത്. പക്ഷേ, ഈ സത്യത്തിന് ഭ്രംശം വന്നിരിക്കുന്നു ഈ കാലയളവിൽ. 'തൽപരകക്ഷികൾ' വിചാരിച്ചാൽ ആരെയും ചിന്തകനാക്കാം സാഹിത്യകാരനാക്കാം എന്ന നില വന്നിരിക്കുന്നു ഇപ്പോൾ. കേരളത്തിൽനിന്ന് ആരുടെയും പേരു ഞാൻ എടുത്തെഴുതുന്നില്ല. ശത്രുക്കളുടെ സംഖ്യ കൂട്ടുന്നതെന്തിന്? അതിനാൽ പടിഞ്ഞാറൻ ദിക്കുകളിലേക്കു പോകട്ടെ. 'The Remains of the Day' എന്ന നോവൽ എഴുതിയതിന്റെ പേരിൽ 1989-ൽ ബുക്കർസമ്മാനം നേടിയ കാസുഓ ഈഷീഗറോ (Kazuo Ishiguro- Born in Nagasaki, Japan in 1954) എന്ന നോവലിസ്റ്റ് മഹത്ത്വം അടിച്ചേല്പിക്കപ്പെടുന്നവനാണെന്ന് എനിക്കു തോന്നുന്നു. അദ്ദേഹത്തിന്റെ 'When We Were Orphans' എന്ന പുതിയ നോവൽ ഉൾപ്പെടെ എല്ലാ നോവലുകളും ഞാൻ വായിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു കൃതിക്കു മൂല്യമുണ്ടെന്നു പറയാൻ എനിക്കു ധൈര്യം പോരാ. ചൈനയിൽ വച്ച് അദ്ഭുതജനകമായ വിധത്തിൽ അപ്രത്യക്ഷരായ അച്ഛനമ്മമാരുടെ തിരോധാനത്തെക്കുറിച്ച് അന്വേഷണം നടത്തുന്ന ക്രിസ്റ്റൊഫർ ബാങ്ക്സിന്റെ കഥ പറയുകയാണ് ഈഷീഗറോ. പാശ്ചാത്യനിരൂപകരും ഭാരതീയ നിരൂപകരും കണക്കിലേറെ പ്രശംസ ചൊരിഞ്ഞ ഈ നോവൽ തികച്ചും വിരസമാണ്. 1995-ൽ പ്രസാധനം ചെയ്തതും ആ വർഷം തന്നെ ഞാൻ വാങ്ങിച്ചതുമായ 'The Unconsoled' എന്ന നോവൽ ഏതാനും പുറങ്ങൾ വായിച്ചിട്ട് ഷെൽഫിൽ വച്ചു. ഈയാഴ്ച അതെടുത്തു വീണ്ടും വായന തുടങ്ങി. നോവലിന്റെ 535 പുറങ്ങളും വായിച്ചു. മൂല്യമുള്ള കലാസൃഷ്ടിയാണ് അതെന്ന് എനിക്കു തോന്നിയില്ല. പക്ഷേ, അതിലെ ഒരംശം എനിക്കു ആകർഷകമായി അനുഭവപ്പെട്ടു. അതെന്തെന്ന് സ്പഷ്ടമാക്കാൻ എനിക്കു കുറച്ചൊന്നുമല്ല ആഗ്രഹം. റൈഡർ എന്ന പേരുള്ള ഒരു പിയാനോ വായനക്കാരൻ മദ്ധ്യയൂറോപ്പിലെ ഒരു നഗരത്തിലെത്തുന്നു. അവിടെ പിയാനോക്കച്ചേരി നടത്തി തന്റെ മഹായശസ്സിന് അതിപ്രസരം വരുത്താനാണ് അയാളുടെ ഉദ്ദേശ്യം. പക്ഷേ, ഹോട്ടൽമുറിയിൽ കഴിഞ്ഞുകൂടുന്ന റൈഡർക്കു മതിവിഭ്രമം. താൻ കിടക്കയിലിരുന്നു ചുറ്റും നോക്കിയപ്പോൾ ആ മുറി പണ്ട് താൻ അമ്മായിയോടൊരുമിച്ച് ഇംഗ്ലണ്ടിൽ താമസിച്ച മുറിയാണെന്ന് അയാൾക്കു തോന്നുകയായി. മുറിയുടെ മേൽത്തട്ട് അമ്മായിയുടെ വീട്ടിന്റെ മുറിയുടെ മേൽത്തട്ടുപോലെതന്നെ. അന്നു കുട്ടിയായിരുന്ന റൈഡർക്ക് പ്ലാസ്റ്റിക്കിലുള്ള ഭടന്മാരുണ്ടാ

**കാന്റ്**



യിരുന്നു. അത് അയാൾ ഓർമിച്ചു. ഹോട്ടൽ മുറിയിൽ പച്ചനിറത്തിലുള്ള പായ് വിരിച്ചിരുന്നു. അതിൽ കീറിയ ഭാഗം കാണാം. തന്റെ പ്ലാസ്റ്റിക് ഭടന്മാർക്ക് അതിന്റെ മുകളിലൂടെ മാർച്ച് ചെയ്യാമെന്ന് റൈഡർ സങ്കല്പിച്ചു. ചുരുക്കത്തിൽ അവിടെ കിടന്നുകൊണ്ട് അയാൾ ശൈശവകാലത്ത് എത്തി റൈഡർ അഗാധനിദ്രയിൽ വീണു. ഹോട്ടലിലെ പോർട്ടറുടെ പ്രായംകൂടിയ മകളുടെ പേരു സോഫി എന്ന് അവൾക്കു കുഞ്ഞുണ്ട്. റൈഡർ വിചാരിച്ചു സോഫിയെ ഭാര്യയാക്കിക്കൊണ്ട് അയാൾ ജീവിച്ചെന്ന്; അവളുടെ കുഞ്ഞിന്റെ അച്ഛൻ താനാണെന്നും ഇതുപോലെയുള്ള വ്യാമോഹങ്ങൾ അയാൾക്ക് ഏറെയുള്ളത് ഈഷീഗറോ വിശദീകരിക്കുന്നു. ഇത് മറ്റു നോവലുകളിൽ കണ്ടിട്ടില്ലാത്ത പുതുമയാണ്. അബോധമനസ്സിന്റെ വ്യാപാരങ്ങളായിട്ടാണ് നോവലിസ്റ്റ് ഇവയെ ചിത്രീകരിക്കുന്നത്. കാലക്രമമനുസരിച്ചല്ല അബോധമനസ്സിൽ പ്രവർത്തനങ്ങൾ ഇരിക്കുന്നത്. കാലം കഴിഞ്ഞാൽ അവയ്ക്കു മാറ്റവും വരില്ല. അതിനാലാണ് ഹോട്ടൽ മുറിയെ തന്റെ ബാല്യകാലത്തു താൻ താമസിച്ച മുറിയായി അയാൾക്കു കാണാൻ കഴിയുക. ഓനിലിന്റെ `The Strange Interlude' എന്ന നാടകത്തിൽ ഫ്രോയിറ്റ് സ്പഷ്ടമാക്കിയ അബോധമനസ്സിന്റെ പ്രവർത്തനങ്ങളുടെ ചിത്രീകരണമുണ്ടെങ്കിലും ഈഷീഗറോയുടെ ആലേഖനത്തിന് കൂടുതൽ സ്വാഭാവികതയുണ്ട്. അബോധമനസ്സിൽ നിന്ന് ഓർമകൾ ഉയർന്നുവരുന്നത് ആദ്യമായി ചിത്രീകരിച്ച നോവലിസ്റ്റ് എന്ന നിലയിൽ ഈഷീഗറോക്ക് സ്ഥാനമില്ലാതില്ല. സാഹിത്യകൃതി സമ്പൂർണമായും വായിക്കാതെ വിരസമെന്നു പറഞ്ഞ് അത് ഷെൽഫിൽ വയ്ക്കുന്നത് അപരാധമാണെന്നും എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞു. തനിക്കു നിസ്സാരമെന്നോ ക്ഷുദ്രമെന്നോ തോന്നാവുന്ന അബോധാത്മക ചിന്ത റൈഡറുടെ ജീവിതത്തിൽ കല്ലിൽ കൊത്തിവച്ചപോലെ ദൃഢതയാർന്നു വരുന്നത് ഈഷീഗറോ ചിത്രീകരിക്കുന്നുണ്ട്.

## സി. രാധാകൃഷ്ണൻ

ശൂരനാട്ടു കുഞ്ഞൻപിള്ളസ്സാറിന്റെ രഹസ്യഭർത്സനത്തിന് താനറിയാതെ വിധേയനായ ഒരു സാഹിത്യകാരൻ എന്റെ പരിചയക്കാരനായിരുന്നു. സാറും അദ്ദേഹവും വേറൊരു സാഹിത്യകാരനും ഞാനും തിരുവനന്തപുരത്തെ ഒരു സ്കൂൾ വാർഷികസമ്മേളനത്തിൽ പ്രസംഗിക്കാൻ പോയി. 1950-ലാണ് ഇത്. അധ്യക്ഷനായിരുന്ന കുഞ്ഞൻപിള്ളസാറ് ഉപക്രമപ്രഭാഷണം ഇല്ല. വേണമെന്നുണ്ടെങ്കിൽ ഉപസംഹാര'ത്തിൽ വല്ലതും പറയാം എന്ന് അറിയിച്ചുകൊണ്ട് കസേരയിൽ ഇരുന്നു. സ്കൂൾ ഗ്രൗണ്ടിലാണ് മീറ്റിങ് കലാപരിപാടികൾ കാണാൻ ഏറെ 'അലവലാതി' പെണ്ണുങ്ങൾ കുഞ്ഞുങ്ങളുമായി വന്നിട്ടുണ്ട്. അവ തൊണ്ട പൊട്ടുമാറ്, ഞങ്ങളുടെ കാതു പൊളിയുമാറ് നിലവിളിക്കുമ്പോൾ പെണ്ണുങ്ങൾ റവുക്കയഴിച്ചു മുല കൊച്ചിന്റെ വായിൽ തിരുകും. അതേസമയം ബ്ളൗസുകൊണ്ട് ആ മാംസപിണ്ഡവും കുഞ്ഞിന്റെ മുഖവും മൂടും. പ്രൈമറി വിഭാഗവും വിദ്യാലയത്തിൽ ഉണ്ടായിരുന്നതുകൊണ്ട് ആറോ ഏഴോ വയസ്സുള്ള കുട്ടികൾ ഞങ്ങളുടെ മുൻവശത്തിരുന്ന് ഈക്കിക്കിത്തമ്പലം കളിക്കുന്നു. അവരെ നോക്കി എന്റെ പരിചയക്കാരനല്ല മറ്റേ സാഹിത്യകാരൻ സോഷ്യലിസ്റ്റ് റിയലിസത്തിന്റെ ആവശ്യകതയെക്കുറിച്ച് ഘോരഘോരം പ്രസംഗിച്ചു. അടുത്തത് പരിചയക്കാരന്റെ ഊഴം. അദ്ദേഹം എഴുന്നേറ്റ് സന്താനനിയന്ത്രണത്തിന്റെ ആവശ്യകതയെക്കുറിച്ചു പ്രഭാഷണം നിർവഹിച്ചു. ഒന്നര മണിക്കൂറായിട്ടും പ്രസംഗം നിറുത്തിയില്ല അദ്ദേഹം. അപ്പോൾ തളർന്നു പോയ കുഞ്ഞൻപിള്ള സാറ് വിരൂപനായ പ്രഭാഷകനെ ഒന്നു നോക്കിയിട്ട് എന്റെ കാതിൽ പറഞ്ഞു: "കൃഷ്ണൻ നായരേ, ഇയാൾ സ്ത്രീകളുടെ മുൻപിൽ ചെന്നങ്ങു നിന്നാൽ മതിയല്ലോ. അവർക്കു സന്താന നിയന്ത്രണത്തിനുള്ള ആഗ്രഹം ഉണ്ടായിക്കൊള്ളുമല്ലോ. വെറുതെ പ്രസംഗിക്കുന്നതെന്തിന്?"

ഒരു ദിവസം ഞാനും ആ ഫാമിലി പ്ലാനിങ്ങുകാരനും തിരുമല റോഡിലൂടെ പോകുകയായിരുന്നു. അദ്ദേഹം പൊടുന്നനെ ജൂബയുടെ പോക്കറ്റിൽനിന്ന് ഒരു കത്തെടുത്ത് എനിക്കു വായിക്കാൻ തന്നു. പ്രണയലേഖനം "അറിയാമോ കൃഷ്ണൻനായർക്ക്? എന്റെ കാമുകിയാണിവൾ. ഇരുപത്തിരണ്ടു വയസ്സേയുള്ളൂ" എന്നു പറഞ്ഞിട്ട് ആ അമ്പത്തിയഞ്ചു വയസ്സുകാരൻ ഒരു കാമച്ചിരി ചിരിച്ചു. തുടർ

> **ഉള്ളതെല്ലാം വാരിക്കോരി അന്യർക്കു കൊടുക്കുന്നവൻ കഷ്ടപ്പെട്ടു മരിക്കും. ഒന്നും കൊടുക്കാത്തവൻ ദുഷ്ടനാണെങ്കിലും അല്ലലറിയാതെ ജീവിക്കും, മരിക്കും.**
>
> **ബോദലേർ**



> ഭാര്യ ചിലപ്പോൾ ഭർത്താവിനെ 'ഡിയർ' എന്നു വിളിക്കാറുണ്ട്. അതിന്റെ അർത്ഥം 'എടാ ക്രൂരാ' എന്നാണ്

ന്നു അദ്ദേഹം പറഞ്ഞു... "എനിക്ക് എഴുതാൻ പ്രചോദനം തരുന്നത് ഇവളാണ്. അൻപതുവയസ്സായ കിഴവി ഭാര്യയുടെ മുഖത്തു നോക്കിയാൽ എഴുതാൻ തോന്നുമോ അതോ കാർക്കിച്ചു തുപ്പാൻ തോന്നുമോ?" ഞാൻ ഞെട്ടി. ആ ഞെട്ടൽ പുറത്തു കാണിക്കാതെ ചിരിച്ചുകൊണ്ട് ആ വൃദ്ധകാമുകനോടുകൂടി നടന്നു. പത്രാധിപരിൽ സ്വാധീനത ചെലുത്താൻ കഴിവുള്ള വയസ്സൻ സാഹിത്യകാരനെ സാഹിത്യാഭിരുചിയുള്ള യുവതി പ്രേമലേഖനമെഴുതി വശത്താക്കും. അങ്ങനെ കിട്ടിയ കത്താണ് അതെന്ന സത്യം ഞാൻ പറയാൻ പോയില്ല അദ്ദേഹത്തോട്. തുടരെത്തുടരെ കഥകളോ കവിതകളോ വാരികയിൽ പ്രസിദ്ധപ്പെടുത്തിക്കിട്ടാൻ വൃദ്ധകാമുകനെ എഴുത്തുകാരി ഉപേക്ഷിക്കും. പിന്നീട് പത്രാധിപർക്കായിരിക്കും കാമലേഖനമെഴുതുക. മോഹഭംഗത്തിലാണ്ട വയസ്സൻ കാമുകൻ ദുഃഖിച്ചു കഴിയും. മഹാനായ വിക്തോർ യൂഗോയുടെ ദൗർബല്യത്തെക്കുറിച്ച് എല്ലാ ജീവചരിത്രകാരന്മാരും എഴുതിയിട്ടുണ്ട്. തെരുവിലൂടെ യുവതിയായ വേലക്കാരി പോകുന്നതു കണ്ടാൽ അറുപതു കഴിഞ്ഞ യൂഗോ അവളുടെ പിറകേ പോകും. അവൾ അഞ്ചു നാഴിക നടന്നാലും അദ്ദേഹം അനുഗമിക്കും. മദാമ്മപ്പെൺപിള്ളേർ കാർക്കിച്ചു തുപ്പുമോ എന്തോ? തുപ്പുമെങ്കിൽ അതു കണ്ടുകൊണ്ടു യൂഗോ തിരിച്ചുപോരും."

സി. രാധാകൃഷ്ണൻ മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ 'പുഴയിൽ നിന്ന് കിട്ടിയത്' എന്ന ചെറുകഥ വായിച്ചപ്പോൾ എനിക്ക് ഇങ്ങനെയൊക്കെ കുറിക്കണമെന്നു തോന്നി. ഞാൻ ബഹുമാനിക്കുന്ന വ്യക്തിയും സാഹിത്യകാരനുമാണ് രാധാകൃഷ്ണൻ. എങ്കിലും മാന്യനായ അദ്ദേഹത്തിന്റെ കഥ വായിച്ചപ്പോൾ എനിക്ക് എന്തു തോന്നിയോ അതല്ലേ എഴുതാവൂ. യൂഗോയെപ്പോലെ വഴങ്ങാത്ത കലാംഗനയെത്തേടി അദ്ദേഹം ബഹുദൂരം സഞ്ചരിക്കുന്നു. (ആഴ്ചപ്പതിപ്പിന്റെ ആറു പുറങ്ങളിലാണ് ഇക്കഥയുടെ കിടപ്പ്) വ്യർത്ഥയാത്ര. ജോലി കിട്ടാത്ത ഒരുത്തൻ പുഴയുടെ തീരത്ത് ശയിക്കുന്നു. പുഴ ജീവിതമാകാം. അതിൽനിന്നു പ്രചോദനമാർജ്ജിച്ച് അയാൾ സർഗാത്മക പ്രവർത്തനത്തിൽ ഏർപ്പെടുന്നു. നിർദ്ധനത്വം അതോടെ ഇല്ലാതെയായി എന്നാണ് സൂചന. കൊച്ചുകുട്ടികൾ ബലൂൺ ഊതി വീർപ്പിക്കുന്നതുപോലെ കഥാകാരൻ ഒരു വാക്യത്തിൽ പറയാവുന്ന സർവസാധാരണമായ വിഷയത്തെ സ്ഥൂലീകരിക്കുന്നു. ആ സ്ഥൂലീകരണത്തിലും ആശയത്തിനല്ല പ്രാധാന്യം. വാക്കുകൾക്കാണ്. അവ കോർത്തുകെട്ടിയ നിഷ്പ്രയോജനങ്ങളായ വാക്യങ്ങൾക്കാണ്. കലയുടെ അദ്ഭുതജനകമായ രഹസ്യം പിടിച്ചെടുക്കാൻ ഉചിതങ്ങളായ പദങ്ങൾ ഉചിതമായ രീതിയിൽ വിന്യസിക്കുകയാണ് വേണ്ടത്. വാവദൂകതയിൽ ആഹ്ലാദിച്ചാൽ പ്രയോജനമില്ല.



ജി. ശങ്കരക്കുറുപ്പ്

## ചോദ്യം ഉത്തരം

"ഏററവും പ്രയാസമുള്ളതെന്ത്?"

"അതിഥി അതിരറ്റ് ബോറ് ചെയ്യുമ്പോൾ ഗൃഹനായകന് കോട്ടുവായിടാൻ തോന്നും. അത് അതിഥി കാണാതെ വായടച്ചു വയ്ക്കാൻ ശ്രമിക്കുന്നത് ഏറ്റവും പ്രയാസമുള്ള കാര്യം."

"നിങ്ങൾ പറയുന്നതു ചെവിക്കൊള്ളാതിരിക്കുമ്പോൾ നിങ്ങൾക്ക് എന്തു തോന്നും?"

"പണ്ടു വല്ലായ്മ തോന്നിയിരുന്നു. ഇപ്പോൾ അതില്ല. കുഞ്ഞിന്, വീട്ടിന്, കലാസംഘടനയ്ക്ക് പേരുകൾ പറയാൻ പലരും ആവശ്യപ്പെടും. "നമ്മളെന്തു പറഞ്ഞാലും ആരും സ്വീകരിക്കില്ല അവർക്കു തോന്നിയ പേരു കുഞ്ഞിനും ഭവനത്തിനും കലാസംഘടനയ്ക്കും ഇടും. ചലച്ചിത്ര സംവിധായകർ നമ്മളെ കണ്ടാലുടൻ കഥയുടെ പേരു പറയാൻ അഭ്യർത്ഥിക്കും. എത്ര നല്ല കഥ പറഞ്ഞുകൊടുത്താലും അവർ സ്വീകരിക്കില്ല. മൗനമാണ് ഇക്കാര്യത്തിൽ അഭിലഷണീയം."

"എല്ലാക്കാലത്തും എല്ലാവരെയും പറ്റിക്കാൻ സാദ്ധ്യമല്ലെന്ന ചൊല്ല് ശരിയോ?"

"എനിക്കറിഞ്ഞുകൂടാ. രാഷ്ട്രീയ പ്പാർട്ടികൾ അഞ്ചുകൊല്ലത്തേയ്ക്ക് എല്ലാവരെയും പറ്റിക്കുന്നു എന്നത് സത്യം."

"വിധിയെന്നത് ഉണ്ടോ സാറോ?"

"സ്വഭാവമനുസരിച്ചാണ് വിധിയെന്ന് ബൻയമിൻ (Benjamin - മാർക്സിസ്റ്റ് നിരൂപകൻ) പറഞ്ഞിട്ടുണ്ട്. അറുത്ത കൈക്ക് ഉപ്പ് വയ്ക്കാത്തവൻ സുഖമായി മരിക്കും. ഉള്ളതെല്ലാം വാരിക്കോരി അന്യർക്കു കൊടുക്കുന്നവൻ കഷ്ടപ്പെട്ടു മരിക്കും. ഒന്നും കൊടുക്കാത്തവൻ ദുഷ്ടനാണെങ്കിലും അല്ലലറിയാതെ ജീവിക്കും, മരിക്കും.

എല്ലാം മറ്റുള്ളവർക്കു നൽകുന്നവൻ നല്ലവനാണെങ്കിലും പട്ടിണി കിടന്നു ചാകും.”

“കള്ളം പറയുന്നതു ന്യായീകരിച്ചിട്ടുണ്ടല്ലോ വ്യാസൻ. നിങ്ങളെന്തു പറയുന്നു?”

“നിങ്ങൾ ആശ്രയം നൽകിയവൻ കൊലപാതകിയാണെന്നിരിക്കട്ടെ അയാൾ കൊലപാതകിയാണോ എന്ന് പൊലീസ് ചോദിക്കുമ്പോൾ ‘അതേ’ എന്ന സത്യമേ പറയാവൂ എന്നു തത്ത്വചിന്തകൻ കാന്റ് പറഞ്ഞിട്ടുണ്ട്. എനിക്ക് ഇതിന് ഉചിതമായ മറുപടി പറയാൻ വൈഷമ്യമുണ്ട്. വൈഷമ്യത്തോടെ പറയുന്നു ന്യായീകരിക്കൽ ശരിയല്ലെന്ന്. നീതിമത്കരണമാണ് ശരിയായ പ്രയോഗം.”

“എനിക്കു ഹെൻട്രി ജയിംസിന്റെ നോവലുകൾ വായിക്കാൻ വയ്യ. നിങ്ങൾക്കോ?”

“എനിക്കും വയ്യ.”

“ഭാര്യയെ ഇംഗ്ലീഷ് രീതിയനുസരിച്ച് ഡാർലിങ്, ഡിയർ എന്നൊക്കെ വിളിക്കുന്നവരെക്കുറിച്ച് എന്തു പറയുന്നു? മലയാളി തങ്കം, ഓമനേ എന്നു വിളിക്കുന്നതിനെക്കുറിച്ചും താങ്കളുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം?”

“ഭാര്യയുടെ മുഖത്തുനോക്കിയിട്ടാണ് ഇതൊക്കെ വിളിക്കാൻ ഭാവിക്കുന്നതെങ്കിൽ അങ്ങനെയൊന്നും വിളിക്കാൻ പറ്റില്ല. ഭാര്യ ചിലപ്പോൾ ഭർത്താവിനെ ‘ഡിയർ’ എന്നു വിളിക്കാറുണ്ട്. അതിന്റെ അർത്ഥം ‘എടാ ക്രൂരാ’ എന്നാണ്.

“മഹാകവിയാകാൻ മഹാകാവ്യമെഴുതണോ?”

“ഒരു ശ്ലോകമെഴുതിയാൽ മതി.
‘പൂമെത്തേലെഴുന്നേററിരുന്നു ദയിതേ
പോകുന്നു ഞാനെന്നു കേ
ട്ടോമൽക്കണ്ണിണ നീരണിഞ്ഞ വദന
പ്പൂവോടു ഗാഢം തദാ
പൂമേനിത്തളിരൊന്നു ചേർത്തഹമിനി
ക്കാണുന്നതെന്നെന്നക
പ്പൂമാലോടളിവേണി ചൊന്ന മധുര
ച്ചൊല്ലിന്നു കൊല്ലുന്നു മാം’ എന്ന ശ്ലോകമെഴുതിയ ആൾ മഹാകവിയാണ്.”

## ഇ. ഹരികുമാർ – ഒറ്റനോട്ടമല്ല

തിരുവനന്തപുരത്ത് കിഴക്കേക്കോട്ടയ്ക്ക് എതിർവശത്തായി മഹാത്മാഗാന്ധിയുടെ പ്രതിമയുണ്ട്. അതിനെക്കുറിച്ച് ഡോ. കെ. ഭാസ്കരൻനായർ പറഞ്ഞത് ഞാൻ പലതവണ ഈ കോളത്തിൽ എഴുതിയിട്ടുണ്ട്. സന്ധ്യാവേളയിൽ ബ്രാഹ്മണർ താമസിക്കുന്ന തെരുവുകളിൽ പിച്ച തെണ്ടാനായി ഭാവിക്കുന്ന മട്ടിലാണ് പ്രതിമ നിൽക്കുന്നത്. ബ്രിട്ടീഷുകാരെ പലായനം ചെയ്യിച്ച ആത്മധീരനെ ആ പ്രതിമയിൽ കാണാനൊക്കുകയില്ല നമുക്ക്. ഉപ്പുസത്യാഗ്രഹത്തിനുപോയ ദേശാഭിമാനോജ്ജ്വലനെ ആ പ്രതിമയിൽ നാം കാണുകില്ല. വെടിയേറ്റ് രാമനാമം ജപിച്ചുകൊണ്ട് താഴെവീണ ധീരാത്മാവിനെയും അതിൽ ദർശിക്കാനാവില്ല. സാറ് പറഞ്ഞതുപോലെ, ‘അമ്മാ ഒരു പിടിച്ചോറു തരണേ’ എന്ന് യാചിക്കുന്നവന്റെ മുഖഭാവമാണ് ഗാന്ധിപ്രതിമയ്ക്ക്. ആ ഭാവം ഒരിക്കലും മാറുന്നുമില്ല. മെയ്ൻ റോഡിലൂടെ വടക്കോട്ടേക്കു നടക്കൂ വേലുത്തമ്പി ദളവയുടെയും സർ ടി. മാധവറാവുവിന്റെയും പ്രതിമകൾ സെക്രട്ടേറിയറ്റ് ബിൽഡിങ്ങ്സിന് അടുത്തുണ്ട്. അനീതിയോടു കയർക്കുന്ന ഭാവം വേലുത്തമ്പിക്ക്. ഞാൻ തിരുവിതാംകൂർ രാജ്യം അന്തസ്സായി ഭരിച്ച് എന്നു തലയെടുപ്പോടുകൂടി പ്രഖ്യാപിക്കുന്നു മാധവറാവു. ഭയകൗടില്യലോഭങ്ങൾ വളർക്കില്ലൊരു നാടിനെ എന്ന് ഉദ്ഘോഷിക്കുന്ന സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പ്രതിമ അടുത്തുണ്ട്. എല്ലാ പ്രതിമകൾക്കും അവയ്ക്കു യോജിച്ച ഭാവങ്ങൾ. ആ ഭാവങ്ങൾക്കു മാറ്റമില്ല ഒരിക്കലും. സർവകലാശാലയുടെ മുൻപിൽ നിൽക്കുന്ന കുമാരനാശാന്റെ പ്രതിമയെ ഏതു സമയത്തും ചെന്നു നോക്കുക. മാറ്റുവിൻ ചട്ടങ്ങളെ’ എന്ന് അത് ഉദ്ഘോഷിക്കുന്നത്. നിപുണശ്രോത്രങ്ങൾക്കു കേൾക്കാം ജാതിവ്യത്യാസങ്ങളെ നിരാകരിക്കുന്ന നോട്ടം ആ പ്രതിമയിൽ കാണാം. ഞാൻ പറഞ്ഞുവരുന്നത് ഓരോ പ്രതിമയ്ക്കും അതിന്റേതായ ഭാവമുണ്ട് എന്നാണ്. നമ്മുടെ കഥാകാരന്മാർക്കും ഈ പ്രതിമകൾക്കും സാദൃശ്യമുണ്ട്. പ്രതിമകളുടെ ഏകവീക്ഷണം പോലെ. ഏകഭാവം പോലെ കഥാകാരന്മാർക്കും ഒറ്റനോട്ടമേയുള്ളൂ. ഒറ്റഭാവമേയുള്ളൂ. ഇവിടെയാണ് മലയാളം വാരികയിൽ ‘രസകരമായൊരു കഥയ്ക്കിടയിൽ’ എന്ന കഥയെഴുതിയ ഇ. ഹരികുമാർ വിഭിന്നനായി നിൽക്കുന്നത്. രണ്ടു വ്യത്യസ്ത സംഭവങ്ങളിലൂടെ മനുഷ്യജീവിതത്തിന്റെ ക്രൂരതയും നന്മയും അദ്ദേഹം കലാസുന്ദരമായി ആലേഖനം ചെയ്യുന്നു. ഒരു വശത്ത് കുഞ്ഞിന്റെ മൃതദേഹം, കുഞ്ഞു മരിച്ചതിലുള്ള ദുഃഖംകൊണ്ട് മോഹാലസ്യ

“ ഉത്സവസ്ഥലത്തെ സ്ത്രീസ്പർശം നൽകുന്ന ആനന്ദാനുഭൂതിയല്ല ചങ്ങമ്പുഴക്കവിത നൽകുന്ന ആഹ്ലാദാനുഭൂതി. അത് രസബോധനിഷ്ഠമായ വികാരമാണ്. ”

**അനതോൽ ഫ്രാങ്സ്**



ത്തിൽ വീണ അമ്മ. കുഞ്ഞിനെ നോക്കാൻ എവിടെ നിന്നോ എത്തിയ ഒരാൾ, കാരുണ്യത്തിന്റെ മൂർത്തി മദ്ഭാവമായി. മറുവശത്തു ഒരു സ്ത്രീയെ നിന്ദിക്കുന്ന കുറെ ആളുകൾ. ആ അപവാദകഥ കേൾക്കാനാണ് ആളുകൾക്കു കൗതുകം. കുഞ്ഞിന്റെ മൃതശരീരത്തിലും മോഹാലസ്യത്തിൽപ്പെട്ട അമ്മയിലും ആർക്കും മനസ്സിരുത്താൻ വയ്യ. ഹരികുമാർ ജീവിതത്തിന്റെ നൃശംസതയെ അപവാദപ്രചാരണം നടത്തുന്ന ഒരുകൂട്ടം ആളുകളിലൂടെ കാണിച്ചുതരുന്നു നമ്മൾക്ക്. അതിനാണ് ബഹുജനം പ്രാധാന്യം കല്പിക്കുന്നതെന്ന് കഥയുടെ തലക്കെട്ടും സൂചിപ്പിക്കുന്നു. പ്രതിമയെപ്പോലെ ഒറ്റ നോട്ടമല്ല, ഒറ്റഭാവമല്ല ഹരികുമാറിനുള്ളത്. അദ്ദേഹം ജീവിതത്തിന്റെ വൈരുദ്ധ്യത്തിലും വൈജാത്യത്തിലും അന്തർനേത്രം വ്യാപരിപ്പിക്കുന്നു. ഫലമോ? ഒന്നാന്തരം കഥ.

## നാറ്റം

മത്സ്യവില്പനക്കാരൻ മത്സ്യമെല്ലാം വിറ്റുകഴിഞ്ഞപ്പോൾ ഇരുട്ടുവീണു. അന്ധകാരത്തിലൂടെയുള്ള സഞ്ചാരം അനഭിലഷണീയമായതുകൊണ്ട് രാത്രി എവിടെയെങ്കിലും ഉറങ്ങിയിട്ടു കാലത്തു വീട്ടിലേക്കു പോകാമെന്ന് അയാൾ കരുതി. ആദ്യംകണ്ട ഒരു കൊച്ചുവീട്ടിൽ അയാൾ ചെന്നു കയറി. റോസാപ്പൂവില്പനക്കാരന്റെ വീടായിരുന്നു അത്. പല ചൂരൽക്കുട്ടകളിലായി റോസാപ്പൂക്കൾ വച്ചിരിക്കുന്നു. കാലത്ത് അവ നഗരത്തിൽ കൊണ്ടുപോയി വിൽക്കാനാണ് അയാളുടെ ഉദ്ദേശ്യം. മീൻ വിൽക്കുന്നയാളിന്റെ അഭ്യർത്ഥന മാനിച്ച് അയാളെ അവിടെ കിടന്നുറങ്ങിക്കൊള്ളാൻ പനിനീർപ്പൂ വില്പനക്കാരൻ പറഞ്ഞു. മത്സ്യവില്പനക്കാരൻ ഉറങ്ങാനായി കിടന്നു. പക്ഷേ, അയാൾക്കു റോസാപ്പൂവിന്റെ പരിമളം സഹിക്കാനായില്ല. ഉറങ്ങാതെ അർദ്ധരാത്രിവരെ അയാൾ കിടന്നു. ഗൃഹനായകൻ ഇതറിഞ്ഞ് റോസാപ്പൂക്കൾ വച്ചിരുന്ന കുട്ടകളെടുത്തു മാറ്റി പകരം മത്സ്യം കൊണ്ടുവന്ന കുട്ടകൾ അയാളുടെ ചുറ്റും വച്ചു. അവയിൽ കുറച്ചു വെള്ളവും തളിച്ചു. മീനിന്റെ ദുസ്സഹഗന്ധം പ്രസരിച്ചപ്പോൾ മത്സ്യവില്പനക്കാരന് ഉറക്കം വന്നു. അയാൾ നേരം വെളുക്കുന്നതുവരെ സുഖമായി ഉറങ്ങി.

കലാരാഹിത്യത്തിന്റെ പുതിയ ഗന്ധം നാസാരന്ധ്രങ്ങളിൽ അനവരതം കയറിക്കയറി എനിക്കിപ്പോൾ അതു ശ്വസിക്കാതെ ഉറക്കം വരില്ലെന്ന സ്ഥിതിയായിട്ടുണ്ട്. ഇന്നു ഞാൻ സുഖമായി ഉറങ്ങും. കാരണം കലാശൂന്യതയുടെ ദുർഗന്ധം വമിക്കുന്ന 'ലോകാന്തരവ്യവസായം' എന്ന കഥ ഞാൻ വായിച്ചു എന്നതുതന്നെ. (ദേശാഭിമാനി വാരികയിൽ സുസ്മേഷ് ചന്ത്രോത്ത് എഴുതിയത്) ഹോട്ടലിൽ അരി കഴുകുക, എച്ചിലിലകൾ വാരുക ഈ പണി ചെയ്യുന്നവന്– ഒരു സഹദേവന്– ഒരു മുസ്ലിം പെൺകുട്ടിയോട് മാനസികമായ അടുപ്പം. അവൾ കുറെ നേരം അതുമിതും അവനോടു പറഞ്ഞിട്ട് പോകുമ്പോൾ കഥയും തീരുന്നു. ഭാവനയുടെ അംശം പോലുമില്ലാത്ത, ഒരു പോയിന്റുമില്ലാത്ത വിരസമായ രചന. കലാത്മകമായ കഥ വായിക്കുമ്പോൾ അതെന്റെ ജീവിതത്തെ സ്പർശിക്കും. അപ്പോൾ ഞാൻ ജീവിതമെന്താണെന്ന് അറിയും. ഭാവനയ്ക്ക് ഔന്നത്യം കല്പിക്കാത്ത ഒരു രചനയും കലയെന്ന പേരിന് അർഹമല്ല.

## വിചാരങ്ങൾ

ആളുകളോടു നല്ല രീതിയിൽ പെരുമാറിയാൽ അവരുടെ സ്നേഹവും ബഹുമാനവും നമുക്കു കിട്ടും എന്ന വിചാരം ശുദ്ധമായ ഭോഷ്കാണ്. നമ്മൾ സംസ്കാരത്തിന്റെ പേരിൽ, സാമാന്യ മര്യാദയുടെ പേരിൽ മറ്റുള്ളവരോടു നല്ലപോലെ പെരുമാറുമ്പോൾ അതു നമ്മുടെ നല്ല മാനസികനില കൊണ്ടാണെന്ന് ആരും ധരിക്കില്ല. നമ്മുടെ കൊള്ളരുതായ്മ കൊണ്ട് വിനയം കാണിക്കുന്നുവെന്നേ അവർ ധരിക്കൂ. നേരെ മറിച്ച് അന്യരെ ഒരകലത്തിൽ നിറുത്തിയാൽ അവർക്കു നമ്മോടു ബഹുമാനം കാണും. പേടിയുമുണ്ടായിരിക്കും. അതിനാലാണ് മറ്റുള്ളവരോട് ഇടപെടുമ്പോൾ തെല്ലു പുച്ഛം കാണിക്കണമെന്ന് ജർമൻ ദാർശനികൻ ഷോപൻഹൗർ അഭിപ്രായപ്പെട്ടത്.

2. ശരീരത്തിന്റെ ഭംഗികൊണ്ട് പുരുഷന്മാരെ ആകർഷിക്കാൻ സ്ത്രീകൾക്കു കഴിയും. കണ്ടിട്ടില്ലാത്ത സ്ത്രീയുടെ മാധുര്യമുള്ള ശബ്ദം കേട്ട് അവളിൽ രാഗമുള്ളവരായിത്തീരുന്ന പുരുഷന്മാർ ഏറെയുണ്ട്. മാന്ത്രികത്വവും മാധുര്യവുമുള്ള സ്ത്രീശബ്ദം അവളെ കണ്ടിട്ടില്ലാത്ത പുരുഷനെ ഹർഷോന്മാദത്തിലേക്ക് എറിയും. ഫ്രഞ്ച് കവി ബോദലേർ താൻ കാണാത്ത സ്ത്രീയുടെ മധുരശബ്ദം കേട്ട് വശീകരിക്കപ്പെട്ടുവെന്ന് ഞാൻ എവിടെയോ വായിച്ചറിഞ്ഞിട്ടുണ്ട്.

3. ഒരിക്കൽ സംസ്കൃത കോളേജിലെ മലയാള സമാജം ഉദ്ഘാടനം ചെയ്യാൻ മഹാകവി ജി. ശങ്കരക്കുറുപ്പിനെ ഞാൻ വിളിച്ചുകൊണ്ടുവന്നു. സമ്മേളനം തുടങ്ങുന്നതിനു മുൻപ് അദ്ദേഹവും ഞാനും സ്റ്റാഫ്റൂമിൽ ഇരുന്നു സംസാരിക്കുകയായിരുന്നു. അപ്പോൾ ജി പറഞ്ഞു ഉത്സവസ്ഥലത്തു പോകുമ്പോൾ അറിയാതെ കിട്ടുന്ന സ്പർശത്തിന്റെ സുഖമാണ് കവിതാസ്വാദനത്തിൽ നിന്നു കിട്ടുന്ന സുഖമെന്ന് കൃഷ്ണൻനായർ തെറ്റിദ്ധരിക്കരുത്. പേരു പറഞ്ഞില്ലെങ്കിലും മഹാകവി അന്തരിച്ച ചങ്ങമ്പുഴയുടെ നേർക്ക് അമ്പ് അയയ്ക്കുകയായിരുന്നു എന്നത് സ്പഷ്ടം. പക്ഷേ, ആ അമ്പ് ലക്ഷ്യവേധിയായില്ല. ഉത്സവസ്ഥലത്തെ സ്ത്രീസ്പർശം നൽകുന്ന ആനന്ദാനുഭൂതിയല്ല ചങ്ങമ്പുഴക്കവിത നൽകുന്ന ആഹ്ലാദാനുഭൂതി. അത് രസബോധനിഷ്ഠമായ വികാരമാണ്. ജിക്കും അതറിയാം. എങ്കിലും ചങ്ങമ്പുഴക്കവിതയെസ്സംബന്ധിച്ച തന്റെ മാനസികനില അദ്ദേഹം ദുർബലനിമിഷത്തിൽ പ്രകടമാക്കിയെന്നേയുള്ളൂ.

4. കവിതയെഴുതുന്നു എന്ന പേരിൽ കുറെ ഗദ്യം എഴുതിക്കൂട്ടുന്നു. കിടപ്പാടം ഒറ്റികൊടുത്തോ വിറ്റോ പണമുണ്ടാക്കി അതച്ചടിക്കുന്നു. അതിലൊരു കോപ്പി എനിക്കയച്ചുതരുന്നു. ഞാൻ വായിച്ചു നോക്കു

മ്പോൾ ബീഭത്സത മാത്രം. പുസ്തകമയച്ച ആളിനെ വേദനിപ്പിക്കരുതല്ലോ എന്നു വിചാരിച്ചു മറുപടി പോലുമയയ്ക്കുന്നില്ല വർഷങ്ങൾക്കു മുൻപ് ഞാനൊരു പെൺകുട്ടിക്കു മലയാളത്തിൽ റ്റ്യൂഷൻ നൽകിയിരുന്നു. പ്രതിഫലം വാങ്ങുകില്ല എന്ന ഉറപ്പിന്മേലായിരുന്നു പഠിപ്പിക്കൽ. ഒരു ദിവസം ഗുരുവിന് പ്രതിഫലം നൽകാൻ തന്നെ അവൾ തീരുമാനിച്ചു. റ്റ്യൂഷൻ കഴിഞ്ഞ് പോകാൻ നേരത്ത് അവൾ ബാഗ് തുറന്ന് കടലാസ്സുകൊണ്ടു പൊതിഞ്ഞ ഒരു ആറൗൺസ് കുപ്പി എന്റെ മേശയുടെ പുറത്തു വച്ചിട്ടുപോയി. ഞാനതു തുറന്നുനോക്കാതെ വീട്ടുകാരെ ഏല്പിച്ചു. അവർ അപമാനം പറ്റിയെന്ന മട്ടിൽ ആ കുപ്പി എന്നെക്കാണിച്ചു. നാലൗൺസ് മോര്. അതിനു ശേഷം അവൾ പഠിക്കാൻ വരുമ്പോൾ വീട്ടിലുള്ളവർ മോരുകമലം വന്നിരിക്കുന്നുവെന്നു പറയും. (കമലം ശരിയായ പേരല്ല) ഇപ്പോൾ അവൾ ഉദ്യോഗസ്ഥയാണ്. ഞാൻ ഇല്ലാത്ത സമയത്തു അവൾ വീട്ടിൽ വന്നാൽ മോരുകമലം വന്നുവെന്ന് സഹധർമിണിയോ മകളോ എന്നെ അറിയിക്കും. ആദ്യമൊക്കെ എനിക്കു പുച്ഛമായിരുന്നു പുസ്തകമയയ്ക്കുന്നവരോടും കമലത്തിനോടും. എന്റെ ആ മാനസികനില മാറ്റിയത് ഫ്രെഞ്ചെഴുത്തുകാരനായ അനതൊൽ ഫ്രാങ്സിന്റെ ഒരു ചെറുകഥയാണ്. ഒരു കായികാഭ്യാസിക്ക് കന്യാമറിയത്തിനു നൽകാൻ ഒന്നുമില്ല. അതുകൊണ്ട് മറിയത്തിന്റെ പ്രതിമയ്ക്കു മുൻപിൽ അയാൾ തലകുത്തിമറിച്ചിൽ നടത്തുന്നു. തികഞ്ഞ ആർജവത്തോടെയാണ് അയാൾ അതു നിർവഹിച്ചത്. അതേ ആർജവം പുസ്തകമയയ്ക്കുന്ന ആളിനും മോരു കൊണ്ടുവരുന്ന പെൺകുട്ടിക്കുമുണ്ട്. അവരെ പുച്ഛിക്കുന്നത് ശരിയല്ല